**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ലാ പഞ്ചായത്ത്-2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്-കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിന് ക്രമവിരുദ്ധമായി വികസനഫണ്ടിൽ നിന്നും തുക വാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ചത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2828/2014/തസ്വഭവ. തിരുവനന്തപുരം, തീയതി: 31/10/2014

---

പരാമർശം :- 1. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 12.03.10-ലെ എൽ.എഫ്. 2682/പി.റ്റി.2/2010 നമ്പർ കത്ത്
2. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25/2/2014-ലെ ഡി.പി.6/2392/11 നമ്പർ കത്ത്
3. എറണാകുളം ജില്ലാ പഞ്ചായത്ത് 18/2/14-ൽ നടന്ന സാധാരണ സമിതിയുടെ II (22) നമ്പർ തീരുമാനം
4. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.07.14- ലെ ഡി.പി.6-2392/11 നമ്പർ കത്തിനോടൊപ്പം ലഭ്യമാക്കിയ ഡി.പി.സി അംഗീകാരത്തിന്റെ പകർപ്പ്.

**ഉത്തരവ്**

എറണാകുളം ജില്ലാ പഞ്ചായത്ത് 2006-07 ഓഡിറ്റിൽ കേടായ പൈപ്പുകൾ മാറ്റിയിടുന്നതിനായി 4,55,02,452/- രൂപ വികസന ഫണ്ടിൽ നിന്നും ജല അതോറിറ്റിക്ക് ഡെപ്പോസിറ്റായി നൽകിയത് ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശം (1) പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. വാട്ടർ ചാർജ്ജ് ഈടാക്കിക്കൊണ്ട്, പൈപ്പുകൾ സ്ഥാപിച്ച് വീടുകൾക്കും സ്ഥാപനങ്ങൾക്കും കുടിവെള്ളം നൽകുന്നതും കേടായ പൈപ്പുകൾ നന്നാക്കേണ്ട ബാദ്ധ്യതയും ജല അതോറിറ്റിയുടേതാണ്. അതിനാൽ കേടായ പൈപ്പുകൾ മാറ്റിയിടുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച പ്രോജക്ടുകളിലൂടെ വികസനഫണ്ട് ഡെപ്പോസിറ്റായി വാട്ടർ അതോറിറ്റിക്ക് നൽകിയത് ക്രമവിരുദ്ധവും ആവശ്യമില്ലാത്തതുമായ ചെലവായതിനാലും, പണി പൂർത്തിയാക്കേണ്ട തീയതി ഉൾപ്പെടെ രേഖപ്പെടുത്തിക്കൊണ്ട്, വാട്ടർ അതോറിറ്റിയുമായി ജില്ലാ പഞ്ചായത്ത് കരാർ ഒപ്പിടാതിരുന്നത് സമയബന്ധിതമായി പണി പൂർത്തിയാക്കാതിരിക്കുവാൻ കാരണമായിത്തീർന്നതിനാലുമാണ് ഓഡിറ്റിൽ തുക തടസ്സപ്പെടുത്തിയത്.

2) എറണാകുളം ജില്ലാ പഞ്ചായത്ത് പരാമർശം (3)-ലെ യോഗ തീരുമാനത്തിന്റെയും പരാമർശം (4)-ലെ ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സാധൂകരണത്തിന് അപേക്ഷിക്കുകയുണ്ടായി.

(PTO)

3) സർക്കാർ ആയത് വിശദമായി പരിശോധിക്കുകയും 2006–07 കാലഘട്ടത്തിൽ നിലനിന്ന പ്രത്യേക സാഹചര്യം (ശുദ്ധജല ദൗർലഭ്യം നേരിടുകയും പകർച്ചാവ്യാധികളും ജലജന്യരോഗങ്ങളും ഉടലെടുക്കുകയും ജില്ലാ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട ഈ പ്രദേശത്ത് അടിയന്തിരമായി പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തു തീർക്കാൻ പദ്ധതികളൊന്നും ആവിഷ്ക്കരിക്കാതിരിക്കുകയും ചെയ്ത സാഹചര്യം) കണക്കിലെടുത്തും സാധൂകരണം ലഭ്യമാക്കണമെന്ന പരാമർശം (3)–ലെ ജില്ലാ പഞ്ചായത്ത് സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയെന്നതിനാലും ഒരു സർക്കാർ ഏജൻസിക്കാണ് തുക നൽകിയത് എന്നതിനാലും പദ്ധതികളൊക്കെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം ജല അതോറിറ്റിയിൽ ബാക്കി നിൽക്കുന്ന തുക തിരികെ അടവാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും മേലിൽ ഇത്തരം വീഴ്ച ആവർത്തിക്കരുതെന്നുമുള്ള കർശന നിബന്ധനയോടെയും കുടിവെള്ള പൈപ്പുകളുടെ അറ്റകുറ്റപ്പണി വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണെങ്കിലും ജില്ലാപഞ്ചായത്ത് വ്യക്തമാക്കിയ മേൽ പ്രത്യേക സാഹചര്യത്തിൽ അറ്റകുറ്റപണികൾക്ക് ചെലവഴിച്ച 4,55,02,452/– രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പ്രസന്നകുമാരി.എം.സി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്
വെബ്ബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം., പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ